# G.H.S KANHIRAPOIL

## LITTLE KITEs UNIT 2022-2025

# □ തൾ

## ആമുഖം

ജിഎച്ച്എസ് കാഞ്ഞിരപ്പൊയിൽ സ്കൂളിലെ ലിറ്റിൽ കൈറ്റ് കുട്ടികൾ തയ്യാറാക്കിയ മാഗസിൻ ആണിത് . ഇന്നത്തെ കാല്ഘട്ടം റോബോട്ട് യുഗമാണ് . മനുഷ്യന്റെ എല്ലാ ജോലികളും ചെയ്യുന്ന നിർമ്മിത ബുദ്ധിയുടെ കാലം. AI എന്നൊന്ന് ഇല്ലായിരുന്നുവെങ്കിൽ നമ്മുടെ ഭൂമിയിലെ കാര്യങ്ങൾ ഒരുപാട് കാര്യങ്ങൾ മന്ദീഭവിച്ചു പോകുമായിരുന്നു .

കമ്പ്യൂട്ടറിനും മറ്റു സാങ്കേതികവിദ്യകൾക്കും പ്രാധാന്യം ഏറി വരുന്ന കാലഘട്ടമാണിത്. മാഗസിനിൽ കുട്ടികളുടെ കഥയും കവിതയും കടങ്കഥയും ഒക്കെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് .



# ഉള്ളടക്കം


.പഴഞ്ചൊല്ലുകൾ........1

.സ്നേഹദീപങ്ങൾ........2

.ഒരു തൊപ്പി വില്പനക്കാരന്റെ കഥ........3

.പ്രകൃതി........4

.കറിവേപ്പില ........5

.സ്കൂളിന്റെ തനതു പ്രവർത്തനങ്ങൾ 2023-24........6 to 8

# പഴഞ്ചൊല്ലുകൾ

•തലവിധി, തൈലം കൊണ്ട് മാറില്ല
•കോൽകാരന് അധികാരിപ്പണി
•ചുട്ട ചട്ടി അറിയുമോ അപ്പത്തിൻറെ സ്വാദ്
•പാലം കുലുങ്ങിയാലും കേളൻ കുലുങ്ങില്ല
•ഇരിക്കുന്നതിന് മുൻപ് കാലു നീട്ടരുത്
•അടിതെറ്റിയാൽ ആനയും വീഴും
•ചേറ്റിൽ കുത്തിയ കൈ ചോറ്റിൽ കുത്താം
•വിത്താഴം ചെന്നാൽ പത്തായം നിറയും
•മുളയിലറിയാം വിള
•ആന മെലിഞ്ഞാലും •തൊഴുത്തിൽ കെട്ടാൻ പറ്റില്ല
•കുറ്റൻ മരവും കാറ്റത്തിളകും
°സമ്പത്തു കാലത്തു തൈ പത്തു വെച്ചാൽ
ആപത്തുകാലത്ത് കാ പത്ത് തിന്നാം
•മിന്നുന്നതെല്ലാം പൊന്നല്ല
•ആനവായിൽ അമ്പഴങ്ങ
•രാജാവിനില്ലാത്ത രാജഭക്തി
•നല്ലവന് നാട് ബന്ധു

സമ്പാ:അതുൽ രാജ്

# ഒരു തൊപ്പി വില്പ്പനക്കാരൻ

പണ്ടു പണ്ടൊരിടത്ത് ഒരു തൊപ്പി വില്പ്പനക്കാരൻ ഉണ്ടായിരുന്നു. അദ്ദേഹം നല്ല ഭംഗിയുള്ള തൊപ്പികളുണ്ടാക്കി അത് ചന്തയിൽ കൊണ്ടുപോയി വിൽക്കുമായിരുന്നു. തൊപ്പി വിറ്റ കിട്ടുന്ന കാശു കൊണ്ടായിരുന്നു അയാൾ ജീവിച്ചത്. പല പല സ്ഥലങ്ങളിൽ പോയായിരുന്നു  അയാൾ തൻ്റെ തൊപ്പികൾ വിറ്റിരുന്നത്.

ഒരു ദിവസം തൊപ്പി വിൽക്കാനായി പോയ കച്ചവടക്കാരൻ ഒരു കാട്ടിലെത്തി. ആ കാട് കടന്നു വേണമായിരുന്നു ചന്തയിലെത്താൻ. അന്ന് പതിവിലും കൂടുതൽ ചൂടുള്ള ദിവസമായിരുന്നു. തൊപ്പി സഞ്ചിയുമായി കാട്ടിലൂടെ നടക്കുന്നതിനിടയിൽ അയാൾക്ക് നല്ല ക്ഷീണം അനുഭവപ്പെട്ടു.

“ഇന്നു നല്ല ചൂട് ഉണ്ടല്ലോ. മാത്രമല്ല നടന്നും ക്ഷീണിച്ചു. എന്തായാലും ഒരു മരച്ചുവട്ടിലിരുന്ന് വിശ്രമിക്കാം.”

എന്നും പറഞ്ഞു അയാൾ തൻ്റെ തൊപ്പികൾ സൂക്ഷിച്ചിരുന്ന സഞ്ചിയും താഴെ വച്ച് ഒരു മരച്ചുവട്ടിൽ ഇരുന്നു. എന്നാൽ ക്ഷീണം കാരണം അയാൾ അവിടെയിരുന്നു ഉറങ്ങിപ്പോയി.

ഉറങ്ങി എണീറ്റ  തൊപ്പി വിൽപ്പനക്കാരൻ ഞെട്ടിപ്പോയി. തൻ്റെ സഞ്ചിയിൽ വിൽക്കാൻ വച്ചിരുന്ന തൊപ്പികൾ ഒന്നും കാണാനില്ല. അദ്ദേഹം ചുറ്റും നോക്കി. അപ്പോഴാണ് മരത്തിൻ്റെ മുകളിൽ അയാൾ ആ കാഴ്ച കണ്ടത്. ആ മരത്തിൽ നിറയെ കുരങ്ങന്മാർ. അവരുടെ തലയിൽ അയാൾ വിൽക്കാനായി ഉണ്ടാക്കിയ മനോഹരമായ തൊപ്പികളും. തൊപ്പി വില്പ്പനക്കാരൻ വിഷമിച്ചു.

“ഇനി എന്ത് ചെയ്യും? ഈ കുരങ്ങൻമാരുടെ കയ്യിൽ നിന്ന് എങ്ങനെയാണ് തൊപ്പികൾ തിരിച്ചു വാങ്ങുന്നത്? ”

ആദ്യം അയാൾ ആ കുരങ്ങന്മാരെ വിരട്ടി നോക്കി. അപ്പോഴല്ലേ രസം അവർ തിരിച്ച് അയാളെ വിരട്ടി. അടുത്തയാൾ ഒരു കമ്പെടുത്ത് അവരെ പേടിപ്പിക്കാൻ നോക്കി. അപ്പോൾ കുരങ്ങന്മാരും തിരിച്ചു കമ്പെടുത്തു ആ തൊപ്പി വില്പനക്കാരനെ ആക്രമിക്കാൻ ഒരുങ്ങി. ഇത്തരത്തിൽ പലതരത്തിലും അയാൾ ആ കുരങ്ങന്മാരിൽ നിന്നും തൊപ്പി വാങ്ങാനായി ശ്രമിച്ചു. എന്നാൽ എല്ലാ ശ്രമവും പഴായി....

# സ്നേഹദീപങ്ങൾ

--------------------------------------

ഒരു കുഞ്ഞുപൂവിനെ ഇളം തെന്നൽ തഴുകുന്ന
പോലെയാണമ്മതൻ  സ്നേഹം.
രുചിയുള്ള മാമ്പഴം രസമോടെ നുണയുന്ന
പോലെയാണമ്മതൻ സ്നേഹം.
പിച്ച വെച്ച നടക്കുമ്പോൾ വീഴാതെ
 തുണയായി അച്ഛനും അമ്മയും.
സ്നേഹത്തിൻ പ്രതീകമാണവർ.......
എന്നാൽ ഇന്ന് നവതലമുറയ്ക്ക്  ഭാരമായി തോന്നുന്നവർ.
അവരുടെ സ്നേഹവും കരുതലും
ഒരു നിമിഷം മറക്കുന്നവർ ഈ തലമുറ.
അമ്മതൻ സ്നേഹവും മുലപാലിൻ മധുരവും
അച്ഛൻ തൻ കരുതലും മറന്നിടാതെ.
 വൃദ്ധരായിട്ടും മാതാപിതാക്കളെ തള്ളല്ലേ പെരുവഴിയിൽ...

ശ്രീഷ്മ




# പ്രകൃതി

നിൻ പ്രദേശം കണ്ണോടിച്ചു നോക്കൂ നീ....
കാണാം കണ്ണിൽ കുളിർമ നൽകുമി കാഴ്ചകൾ....
ഇവിടെയുമുണ്ട് നമുക്ക് വേണ്ടി ഒരുക്കിയ
ഒരു കൊച്ചു സുന്ദര ലോകം....
പ്രകൃതിയിലേക്കൊന്നു സൂക്ഷിച്ചു നോക്കൂ........
വർണ്ണ മനോഹര ജാലങ്ങൾ...
അതുമനസ്സിലെ മായാജാലങ്ങൾ....
സൂര്യനാൽ താഴുകിയ പൂന്തോട്ടം
അത് മഞ്ഞിലായി മൂടിക്കിടന്നിരുന്നു....
ഒറ്റയ്ക്കായാലും കൂട്ടിനുണ്ടായാലും നമുക്കായി ഉണ്ടൊരുലോകം
അത് പ്രകൃതിയാലുള്ളൊരു ലോകം....

സമ്പാ: ഫാത്തിമ





# കറിവേപ്പില

നീ കൂടെ വേണമെന്ന് പറഞ്ഞിട്ട്....
അടർന്ന് വീണിട്ടും...
മുങ്ങി പതഞ്ഞിട്ടും...
വെന്ത് നീറിയിട്ടും...
നീര് വറ്റിയിട്ടും...
നിറം മങ്ങിയിട്ടും
രുചി പകർന്നിട്ടും...
ഇതൾ പൊഴിഞ്ഞിട്ടും....

നീ പുറത്ത്...

പച്ചയാകണം.... വീണ്ടും
അടർന്ന മാറിയിടത്തൊട്ടണം...
തളിർക്കണം... പടരണം..
.. എന്നുണ്ട്...
പക്ഷേ....

സൗമ്യ(HST BIOLOGY)

# ജി.എച്ച് എസ് കാഞ്ഞിരപ്പൊയിൽ

## തനത്പ്രവർത്തനങ്ങൾ 2024 2025

.Leaders for all ; All are leaders

.Nest of stories






# Leaders for all ; All are leaders



ലീഡേർസ് ഫോർ ഓൾ.... ഓൾ ആർ ലീഡേർസ്
കുട്ടികളുടെ വിവിധ മേഖലകളിലുള്ള കഴിവുകൾ കണ്ടെത്തി, പരിപോഷിപ്പിച്ച് അവരെ ആത്മവിശ്വാസവും ഉത്തരവാദിത്വ ബോധവും, സഹജീവി സ്നേഹവും സഹാനുഭൂതിയും, സാമൂഹിക ബോധവും ഉള്ള പൗരന്മാരായി വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ജി.എച്ച്. എസ് കാഞ്ഞിരപൊയിൽ നടത്തുന്ന തനത് പ്രവർത്തനം .

# Nest of stories

ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം ഉണ്ടാക്കാനും അനായാസേന ഭാഷ ഉപയോഗിക്കാനും സംസാരിക്കാനും കുട്ടികളെ പ്രാപ്തരാക്കുക എന്ന ഉദ്ദേശത്തോടെ കാഞ്ഞിരപൊയിൽ സ്കൂൾ ഏറ്റെടുത്ത് നടത്തുന്ന ഒരു തനത് പ്രവർത്തനമാണ് nest (Nourishing English Through Strengthening Talents ).. Nest of stories എന്ന ഈ പ്രവർത്തനത്തിന്റെ ഗുണഭോക്താക്കൾ അഞ്ചാം തരത്തിലെ 40 ഓളം കുട്ടികളാണ് .... കഥകളിലൂടെയും നാടകാവതരണത്തിലൂടെയും കുട്ടികൾ അധ്യാപകരുടെ സഹായത്തോടെ വൈകുന്നേരങ്ങളിലും അവധി ദിവസങ്ങളിലും ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തുന്നു. രക്ഷിതാക്കളുടെ സഹകരണവും പ്രവർത്തനത്തിനുണ്ട്.



